കെ.എസ്.ആർ.ടി.സി.–യിൽ സ്പ്രേ പെയിന്റ് വാങ്ങിയ നടപടി

164 [621] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് ക്രമവിരുദ്ധമായി സ്പ്രേ പെയിന്റ് വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഇപ്രകാരം സ്പ്രേ പെയിന്റ് വാങ്ങുവാൻ ടെന്റർ ക്ഷണിച്ചിട്ടുണ്ടായിരുന്നോ ;

(ഡി) ക്രമവിരുദ്ധമായ ഈ പർച്ചേസിനെതിരെ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് വിശദമാക്കാമോ ?

ഉത്തരം

(എ) 2003-2004 കാലഘട്ടത്തിൽ കെ.എസ്.ആർ.ടി.സി. ഹൈടെക്ക് ബസ് ബോഡി നിർമ്മാണം നടത്തിയിരുന്നപ്പോൾ സ്പ്രേ പെയിന്റ് വാങ്ങുവാൻ തീരുമാനിച്ചിരുന്നു. ആയതിനായി ടെന്റർ വിളിച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ വാങ്ങുവാൻ സാധിച്ചില്ല. എന്നാൽ 2005 അവസാനം വീണ്ടും ഇതിലേക്കായി ടെന്റർ വിളിക്കുകയുണ്ടായി. പ്രത്യേക അനുമതിയില്ലാതെ ടെന്റർ വിളിച്ചതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയുണ്ടായി.

(ബി) ടെന്റർ വിളിച്ചത് 46000 ലിറ്റർ പെയിന്റ് വാങ്ങുവാനാണ്. ഇതിന്റെ ഏകദേശ വില 60 ലക്ഷത്തോളം രൂപ വരും. പെയിന്റ് വാങ്ങുന്നത് നിർത്തിവച്ചിട്ടുണ്ട്.

(സി) ടെന്റർ ക്ഷണിച്ചിട്ടുണ്ടായിരുന്നു.

(ഡി) പ്രത്യേക അനുമതി ഇല്ലാതെയും അളവ് കൃത്യമായി തിട്ടപ്പെടുത്താതെയും സ്പ്രേ പെയിന്റ് വാങ്ങുന്നതിന് ടെന്റർ ക്ഷണിച്ച നടപടിയിൽ പ്രഥമ ദൃഷ്ട്യാ കുറ്റക്കാരെന്നുകണ്ട രണ്ട് ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 15-ാം വകുപ്പ് അനുസരിച്ച് നടപടി സ്വീകരിച്ചുവരികയാണ്.

കെ.എസ്.ആർ.ടി.സി. വിജിലൻസ് സ്കാഡിന്റെ മിന്നൽ പരിശോധന

165 [622] ശ്രീ. എം. എ. വാഹീദ് :
„ എ. കെ. മണി :
„ ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ആറ്റിങ്ങലിലുള്ള ഗ്യാരേജിൽ കെ.എസ്.ആർ.ടി.സി. വിജിലൻസ് സ്കാഡ് 2006 ഒക്ടോബറിൽ മിന്നൽ പരിശോധന നടത്തിയിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly